# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
**ചോദ്യം നമ്പർ : 572**

**28/02/2017 ൽ മറുപടിക്ക്**

## കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക്

| | | | |
|---|---|---|---|
| | ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ.വി. അബ്ദു റഹിമാൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ.കെ.വി. വിജയദാസ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| | **ചോദ്യം** | | **മറുപടി** |
| (എ) | അടുത്ത അഞ്ച് വർഷത്തിനകം ഇന്ത്യയുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അഞ്ച് ശതമാനത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ടുള്ള പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | കയറ്റുമതി രംഗത്ത് കേരളത്തിലെ നിലവിലെ സ്ഥിതിയും മൽസര ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അടങ്ങിയ പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; | (ബി) | 2015-16 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 4.8 ബില്യൺ യു.എസ് ഡോളറുമായി കയറ്റുമതി രംഗത്ത് രാജ്യത്തിൽ 7-ാം സ്ഥാനമാണ് കേരളത്തിനുള്ളത്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) & (ഡി) | ചില കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിനുണ്ടായിരുന്ന മേൽക്കൈ നഷ്ടമായി വരുന്ന സാഹചര്യത്തിലാണ് കെ.എസ്.ഐ.ഡി.സിയും ഈ മേഖലയിൽതന്നെ പ്രമുഖരായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു പഠനം നടത്തിയത്. ഉൽപ്പന്നങ്ങളെ വളർച്ചയുടെ അടിസ്ഥാനത്തിൽ മൂന്നായി തിരിച്ച് നടത്തിയ പഠനത്തിൽ ആഗോളതലത്തിൽ ഓരോന്നിനുമുള്ള ആവശ്യകതയും, നിലവിൽ സംസ്ഥാനത്തിന് ഈ ഉൽപ്പന്നങ്ങളിലുള്ള മൽസരക്ഷമതയുമാണ് |
| (ഡി) | സമുദ്രോത്പന്നങ്ങൾ പ്ലൈവുഡ്, വസ്ത്രം, റബർ, ചികിത്സാ ഉപകരണങ്ങൾ ഭക്ഷ്യോത്പന്നങ്ങൾ എന്നീ മേഖലകളിൽ വൈവിധ്യവൽക്കരണം നടപ്പാക്കി ഇവയുടെ കയറ്റുമതിയിൽ നേട്ടം കൊയ്യാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പരിഗണിച്ചത്. കൂടുതൽ സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളെ ശാക്തീകരിക്കാനും, കയറ്റുമതിയിലെ കേരളത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.<br>സംസ്ഥാനകയറ്റുമതിയിലെ മൽസരക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക നയത്തിന്റെ രൂപീകരണം, സമുദ്രോത്പന്നങ്ങൾ, പ്ലൈവുഡ്, വസ്ത്രം, റബർ, ചികിത്സാ ഉപകരണങ്ങൾ, ഭക്ഷ്യോത്പന്നങ്ങൾ എന്നീ മേഖലകളിൽ വൈവിധ്യവൽക്കരണം സാധ്യമാക്കി അവയുടെ കയറ്റുമതിയെ പ്രോൽസാഹിപ്പിക്കൽ, കയറ്റുമതിയിലെ മൽസരക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ ശേഷിയിലും സാങ്കേതികത്വത്തിലുമുള്ള ആധുനിക വൽക്കരണം, ആഗോളതലത്തിൽ ആവശ്യം വർദ്ധിച്ചുവരുന്ന ഇലക്ട്രോണിക്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് മേഖലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ ഉൾപ്പെടുത്തി കയറ്റുമതിരംഗത്ത വികസനം തുടങ്ങിയവയാണ് പ്രസ്തുത പഠന റിപ്പോർട്ടിലെ മറ്റ് പ്രധാനപ്പെട്ട ശുപാർശകൾ. ഇവ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ